ഇന്റേണൽ വിജിലൻസ് ഓഫീസര് & കൺവീനര് ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി റിപ്പോർട്ട്

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി മുമ്പാകെ ശ്രീ. സുധി . സി.കെ ചങ്ങരംകണ്ടി എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേല് 18/05/2024 തീയ്യതിയില് അദാലത്ത് സമിതി തീരുമാന പ്രകാരം ശ്രീ. ഗോപാലൻ ലിജേഷ് നിവാസ് എന്നവരുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടത്തിൽ പഞ്ചായത്ത് അസി. എഞ്ചിനീയർ പരിശോധന നടത്തുകയും പ്രസ്തുത കെട്ടിടത്തിന് നമ്പറുകൾ അനുവദിച്ചത് കെട്ടിടനിർമ്മാണം കെ പി ബി ആര് - 2019 ചട്ടങ്ങൾക്കും സമർപ്പിച്ച കംപ്ലീഷന് പ്ലാനിനും വിധേയമായിട്ടാണെന്നും, എന്നാൽ നിലവിലുള്ള പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൻറെ ഒന്നാം നിലയ്ക്ക് മുകളിലായി ടെറസിൽ ഷീറ്റ് റൂഫിംഗ് പ്രവൃത്തി നടത്തിയതായും പ്രസ്തുത റൂഫിംഗ് പ്രവൃത്തി കൂടാതെ കെട്ടിടത്തിൻറെ പാരപ്പറ്റിന് മുകളിലായി ഷീറ്റ് ഉപയോഗിച്ച് മറച്ചതായും തറനിലയില് ഷീറ്റ് റൂഫിംഗ് പ്രവൃത്തി നടത്തിയതായും പ്ളാനില് ഉൾപെടാതെ സ്റ്റെയർകേസ് റൂം നിർമ്മാണം നടത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രീമതി. രാധ, ബിജേഷ്, സുധി എന്നവർ മുമ്പ് പഞ്ചായത്തില് സമർപ്പിച്ച പരാതിയില് അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങള് പൊളിച്ചുനീക്കുന്നതിന് ശ്രീ. ഗോപാലൻ എന്നവർക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 235 (W) 2 (1) പ്രകാരം താല്കാലിക ഉത്തരവ് നൽകിയിരുന്നതാണ്. തുടർന്ന് അദാലത്ത് സ്ഥിരം സമിതി തീരുമാനത്തിൻറെയും അസി. എഞ്ചിനീയറിൻറെ റിപ്പോർട്ടിൻറെയും അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങള് പൂർണ്ണമായും പൊളിച്ചുമാറ്റാത്തതിനാല് പ്രസ്തുത ഉത്തരവ് സ്ഥിരീകരിച്ച് ശ്രീ. ഗോപാലൻ എന്നവർക്ക് 29/05/2024 തീയ്യതി അന്തിമ നോട്ടീസ് നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം തുടർനടപടികള് സ്വീകരിച്ചുവരുന്നതായും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സെക്രട്ടറി

ഏറാമല ഗ്രാമപഞ്ചായത്ത്

SECRETARY
ERAMALA GRAMA PANCHAYAT
P.O. ORKATTERI - 673 501
PH: 0496 - 2547047